● ലേഖനം

രിദ്‌വാൻ സൽമാൻ ഹംദാൻ

# സ്വാതന്ത്ര്യം ഇസ്‌ലാമിൽ

**സ്വാതന്ത്ര്യത്തെ** മനുഷ്യന്റെ പ്രകൃതിപരമായ അവകാശങ്ങളിലൊന്നായാണ് ഇസ്‌ലാം പരിഗണിക്കുന്നത്. സ്വാതന്ത്ര്യമില്ലാത്ത ജീവിതത്തിനു വിലയില്ല. സ്വാതന്ത്ര്യമില്ലാത്ത മനുഷ്യൻ ആന്തരികമായി മരിച്ചതിനു സമാനമാണ്. ദൈവാസ്തിക്യം മനസ്സിലാക്കാനുള്ള മാർഗം പോലും ഇസ്‌ലാമിൽ സ്വതന്ത്ര ബുദ്ധിയാണ്; ഇന്ദ്രജാലവും അമാനുഷിക കൃത്യങ്ങളുമല്ല. നിർണായകമായ മതത്തിന്റെ കാര്യത്തിൽ പോലും ഇസ്‌ലാം ബലാൽക്കാരം അനുവദിക്കുന്നില്ല. എന്നാൽ യാതൊരു നിയന്ത്രണവും ഉപാധിയുമില്ലാത്ത, അരാജകത്വത്തിന് വഴിവെക്കുന്ന സർവതന്ത്ര സ്വാതന്ത്ര്യം അത് അംഗീകരിക്കുന്നുമില്ല. മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കുന്ന സ്വാതന്ത്ര്യം ഇസ്‌ലാം ആർക്കും നൽകുന്നില്ല. വ്യക്തിക്കും സമൂഹത്തിനും അവയുടേതായ സ്വാതന്ത്ര്യം നൽകുകയാണ്. വ്യക്തിയുടെയോ സമൂഹത്തിന്റെയോ സ്വാതന്ത്ര്യം സമാധാനാന്തരീക്ഷം തകർക്കാതിരിക്കാനും സ്വാതന്ത്ര്യം മുഖേന അതിനേക്കാൾ വലിയ മൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാനും ഒരാളുടെ സ്വാതന്ത്ര്യം മറ്റൊരാളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതിരിക്കാനും അനിവാര്യമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

രണ്ടുതരത്തിലുള്ള സ്വാതന്ത്ര്യമുണ്ട്: ഭൗതികാവകാശങ്ങളുമായി ബന്ധപ്പെട്ടവയും ആത്മീയാവകാശങ്ങളുമായി ബന്ധപ്പെട്ടവയും. ഇസ്‌ലാമിൽ വ്യക്തിസ്വാതന്ത്ര്യത്തിന് വലിയ പ്രാധാന്യമുണ്ട്. ഇസ്‌ലാം മനുഷ്യത്വത്തെ മാനിക്കുകയും ഇതര ജീവജാലങ്ങളേക്കാൾ മനുഷ്യന് ഉയർന്ന പദവി നൽകുകയും ചെയ്തിരിക്കുന്നു (*അൽഇസ്രാഅ്* 70, *അൽബഖറ* 30). ഒരു വ്യക്തിക്കെതിരെയുള്ള കൈയേറ്റം സമൂഹത്തിനുമെതിരായ കൈയേറ്റമായാണ് ഇസ്‌ലാം കണക്കാക്കുന്നത് (*അൽമാഇദ* 32). സ്ത്രീ-പുരുഷ, വർണ, വർഗ, മത ഭേദമില്ലാതെ മുഴുവൻ മനുഷ്യർക്കും മനുഷ്യൻ എന്ന നിലയിലുള്ള ആദരണീയത ഇസ്‌ലാം നൽകുന്നു. ശരീരത്തിനും മനസ്സിനും അഭിമാനത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുന്നു. അന്യായമായ വധവും മർദനവും തടവും ആക്ഷേപവും അവഹേളനവും അംഗീകരിക്കുന്നില്ല. ഇത്തരം തിന്മകളെ അവയുടെ ഗുരുതരാവസ്ഥക്കനുസൃതമായ ശിക്ഷകളിലൂടെ തടഞ്ഞുകൊണ്ടാണ് ഇസ്‌ലാം വ്യക്തിസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നത് (*അൽബഖറ* 178, *അൽമാഇദ* 45). മരണാനന്തരവും വ്യക്തിയുടെ ശരീരത്തിനും അഭിമാനത്തിനുമെതിരായ കൈയേറ്റം ഇസ്‌ലാം പൊറുപ്പിക്കുന്നില്ല; ചിത്രവധം നടത്തുക, ജഡം സംസ്കരിക്കാതെ ഉപേക്ഷിക്കുക, ശവകുടീരത്തിനുമേൽ ഇരിക്കുക, വിസർജിക്കുക തുടങ്ങിയവയെല്ലാം ഇസ്‌ലാം വിലക്കിയിട്ടുണ്ട്.

സഞ്ചാരസ്വാതന്ത്ര്യം വ്യക്തിയുടെ അവകാശങ്ങളിൽ പെട്ടതാണ് (*അൽമുൽക്* 15). പൊതുനന്മക്കുവേണ്ടിയല്ലാതെ അത് തടയാൻ പാടില്ല. പ്ലേഗ് പടർന്നുപിടിച്ച സിറിയയിലേക്ക് പോകുന്നത് ഖലീഫ ഉമറുബ്നുൽ ഖത്താബ്(റ) വിലക്കുകയുണ്ടായി. അതുപോലുള്ള പൊതുനന്മ ഉദ്ദേശിച്ചേ സഞ്ചാരസ്വാതന്ത്ര്യം തടയാൻ പാടുള്ളൂ. സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്താൻ യാത്രക്കാരെ ആക്രമിക്കുകയും കൊലപ്പെടുത്തുകയും കൊള്ളയടിക്കുകയും ചെയ്യുന്നവർക്ക് ഇസ്‌ലാം കടുത്ത ശിക്ഷകൾ നിർദേശിക്കുന്നുണ്ട് (*അൽമാഇദ* 33).

തങ്ങൾക്ക് അവകാശപ്പെട്ട സ്ഥലത്ത് വീടുവെച്ച് താമസിക്കാനും എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. അതിനു ശേഷിയില്ലാത്തവർക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ തക്ക പാർപ്പിട സൗകര്യം ഏർപ്പെടുത്തിക്കൊടുക്കേണ്ടത് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ബാധ്യതയാണ്. സ്ത്രീ-പുരുഷ, വർണ, വർഗ, മത, ഭാഷാ ഭേദമന്യേ വീടില്ലാത്ത മുഴുവൻ പൗരന്മാർക്കും പാർപ്പിട സൗകര്യം നൽകാൻ ഇസ്‌ലാമിക രാഷ്ട്രം ബാധ്യസ്ഥമാണ്. വാഹനത്തിൽ സ്ഥലം മിച്ചമുള്ളവരും യാത്രാ ഭക്ഷണം മിച്ചമുള്ളവരും അവ രണ്ടും ഇല്ലാത്തവർക്ക് നൽകണമെന്ന പ്രവാചകവചനത്തിന്റെ അടിസ്ഥാനത്തിൽ, എല്ലാവർക്കും ഭക്ഷണവും വെള്ളവും വസ്ത്രവും പാർപ്പിടവും നൽകാൻ സകാത്തും ഫൈഅ് ധനവും പര്യാപ്തമല്ലെങ്കിൽ പാവപ്പെട്ടവരുടെ ഈ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റേണ്ടത് സമ്പന്നരുടെ ബാധ്യതയാണെന്ന് ഇമാം ഇബ്നു ഹസ്മ് പറഞ്ഞിട്ടുണ്ട്.

മറ്റൊരാളുടെ വീട്ടിൽ ആർക്കും അനുവാദമില്ലാതെ പ്രവേശിക്കാൻ അധികാരമില്ല; ഭരണാധികാരിക്കു പോലും (*അന്നൂർ* 27). അനുവാദമില്ലാതെ പ്രവേശിക്കാൻതന്നെ പാടില്ലെന്നിരിക്കെ, അനുവാദമില്ലാതെ അത് കൈയേറാനോ തകർക്കാനോ പൊളിച്ചുനീക്കാനോ പാടില്ലെന്ന് പറയേണ്ടതില്ല. എന്നാൽ പൊതു നന്മ ഉദ്ദേശിച്ചാണെങ്കിൽ ന്യായമായ നഷ്ടപരിഹാരം നൽകിയശേഷം പൊളിക്കാൻ അനുവാദമുണ്ട്. പള്ളി വിപുലീകരണം, റോഡ് നിർമാണം, ആശുപത്രി നിർമാണം തുടങ്ങിയവ പൊതുനന്മയിൽ പെടുന്നു. ഉമർ(റ) നജ്റാൻകാരെ അവിടെനിന്ന് കുടിയൊഴിപ്പിച്ച് അവരെ കൂഫയിൽ പുനരധിവസിപ്പിക്കുകയുണ്ടായി. വീടിന്റെ പവിത്രത ലംഘിക്കപ്പെട്ടുകൂടാ. വീടുകളിൽ അതിക്രമിച്ചുകയറുന്നവർ ആക്രമിക്കപ്പെട്ടാൽ അവർ നഷ്ടപരിഹാരത്തിന് അർഹരല്ല. അനുവാദമില്ലാതെ മറ്റുള്ളവരുടെ വീട്ടിനകത്തേക്ക് എത്തിനോക്കുന്നയാളുടെ കണ്ണ് അവർ പൊട്ടിക്കുകയാണെങ്കിൽ അയാൾക്ക് നഷ്ടപരിഹാരത്തിന് അവകാശമില്ല എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.

വസ്തുവകകൾ ഉടമപ്പെടുത്താനും കൈകാര്യം ചെയ്യാനും പ്രയോജനപ്പെടുത്താനുമുള്ള സ്വാതന്ത്ര്യം ഇസ്‌ലാം സ്ത്രീക്കും പുരുഷന്നും നൽകുന്നുണ്ട്. വ്യക്തിപരവും സാമൂഹികവുമായ ഉടമാവകാശം ഇസ്‌ലാം അംഗീകരിച്ചതാണ്. കവർച്ച, കൊള്ള തുടങ്ങിയവ നിരോധിച്ചും അവക്ക് കടുത്ത ശിക്ഷ നൽകിയും ഈ സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുന്നു. വിൽക്കൽ, വാടകക്ക് നൽകൽ, പണയം, ദാനം, ഒസ്യത്ത് തുടങ്ങിയവയിലൂടെ അത് താൽക്കാലികമായോ സ്ഥിരമായോ കൈമാറ്റം ചെയ്യാനും അനുവദിക്കുന്നു. എന്നാൽ മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കപ്പെടാതിരിക്കാൻ ഈ സ്വാതന്ത്ര്യ

ത്തിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പലിശ, വഞ്ചന, കൈക്കൂലി, പൂഴ്ത്തിവെപ്പ് തുടങ്ങിയവയുടെ നിരോധം ഈ നിയന്ത്രണത്തിൽ പെടുന്നു. പൊതു ഉടമസ്ഥതയിലുള്ളവയിൽ എല്ലാവർക്കും തുല്യാവകാശമുണ്ട്. ഭരണാധികാരികളടക്കമുള്ള ആർക്കും അവയിൽ പ്രത്യേകാവകാശമില്ല. പള്ളികൾ, പൊതു ആശുപത്രികൾ, റോഡുകൾ തുടങ്ങിയവയും പുഴ, കടൽ, വെള്ളം, തീ, പുല്ല് മുതലായ പ്രകൃതി വിഭവങ്ങളും ഈയിനത്തിൽ പെടുന്നു. പ്രവർത്തന സ്വാതന്ത്ര്യവും ഇസ്‌ലാം അനുവദിക്കുന്നുണ്ട്. നിയമവിധേയ മാർഗത്തിലൂടെയുള്ള അധ്വാനത്തിന് വലിയ പ്രോത്സാഹനം നൽകുകയും ചെയ്തിരിക്കുന്നു.

തനിക്ക് ബോധിച്ച വിശ്വാസം സ്വീകരിക്കാനും മതം ആചരിക്കാനുമുള്ള വിശ്വാസസ്വാതന്ത്ര്യം ഇസ്‌ലാം എല്ലാവർക്കും നൽകുന്നുണ്ട്. ഭയപ്പെടുത്തിയോ ഭീഷണിപ്പെടുത്തിയോ നിർബന്ധം ചെലുത്തിയോ മറ്റു മാർഗേണയോ മതം അടിച്ചേൽപിക്കുന്നത് ഇസ്‌ലാം വിലക്കുന്നു (*അൽബഖറ* 256, *യൂനുസ്* 99, *അൽഗാശിയ* 22).

മതപരമായ സംവാദങ്ങളും ചർച്ചകളും ഇസ്‌ലാം അനുവദിക്കുകയും ചെയ്യുന്നു. മുസ്‌ലിംകൾ തമ്മിലും മുസ്‌ലിംകളും ഇതര മതസ്ഥരും തമ്മിലുമുള്ള സംവാദം ഇതിൽപെടും. വിമർശനമോ പരിഹാസമോ ഭീഷണിയോ പേടിക്കാതെ മതപരമായ ചിഹ്നങ്ങൾ ആചരിക്കാനും നിലനിർത്താനുമുള്ള സ്വാതന്ത്ര്യവും ഇസ്‌ലാം എല്ലാ വിഭാഗങ്ങൾക്കും നൽകുന്നുണ്ട്. നബി(സ) മക്കയിൽനിന്ന് പലായനം ചെയ്ത് യസ്‌രിബിൽ (മദീനയിൽ) എത്തിയശേഷം അവിടെയുണ്ടായിരുന്ന ജൂതന്മാരുമായി കരാറിലേർപ്പെടുകയും അവരുടെ മതം ആചരിക്കാനും മതചിഹ്നങ്ങൾ നിലനിർത്താനുമുള്ള സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തു. പിന്നീട് ഖലീഫമാരും ഈ മാതൃക പിന്തുടർന്നു. ഫലസ്ത്വീനിലെ ക്രിസ്ത്യാനികൾക്കും അവരുടെ ചർച്ചുകൾക്കും കുരിശുകൾക്കും സുരക്ഷ വാഗ്ദാനം ചെയ്തും മതം അടിച്ചേൽപിക്കുകയോ പീഡിപ്പിക്കപ്പെടുകയോ ഇല്ലെന്ന് ഉറപ്പു നൽകിയും ഉമർ(റ) കരാറെഴുതിയത് സ്മരണീയമാണ്.

അഭിപ്രായ സ്വാതന്ത്ര്യത്തിനും ചിന്താസ്വാതന്ത്ര്യത്തിനും ഇസ്‌ലാം വളരെയേറെ പ്രാധാന്യം നൽകുന്നു. സത്യം വ്യക്തമാകാനും അനീതിയും അക്രമവും തടയാനുമെല്ലാം അഭിപ്രായ പ്രകടനം വേണ്ടിവരും. നന്മ കൽപിക്കാനും തിന്മ വിലക്കാനും അല്ലാഹു കൽപിച്ചിട്ടുണ്ട്. അക്രമിയായ ഭരണാധികാരിക്കു മുമ്പിൽ സത്യവചനം പറയലാണ് ശ്രേഷ്ഠമായ ജിഹാദ് എന്ന് നബി(സ)യും പറഞ്ഞിട്ടുണ്ട്. വിവിധ വിഷയങ്ങളുടെ പ്രാധാന്യത്തെയും മുൻഗണനയെയും കുറിച്ച അഭിപ്രായപ്രകടനങ്ങളാണ് കൂടിയാലോചനകളിലും നടക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യത്തിന് വേറെയും ധാരാളം മേഖലകളും രൂപങ്ങളുമുണ്ട്. എന്നാൽ വ്യക്തിക്കും സമൂഹത്തിനും ഹാനികരവും കുഴപ്പമുണ്ടാക്കുന്നതുമായ കാര്യങ്ങൾ അഭിപ്രായ സ്വാതന്ത്ര്യമെന്ന പേരിൽ ഇസ്‌ലാം അനുവദിക്കുന്നില്ല. ചിന്താസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും കൊണ്ട് മനുഷ്യൻ ഔന്നത്യത്തിലേക്ക് ഉയരാനാണ്; തരം താഴാനല്ല ഇസ്‌ലാം ഉദ്ദേശിക്കുന്നത്. വ്യക്തിയെയും സമൂഹത്തെയും തകർക്കാൻ ഇടയാക്കുന്നതിനു പകരം നിർമിക്കാനുതകുന്നതാകണം അഭിപ്രായസ്വാതന്ത്ര്യം.

അറിവ് തേടൽ ഇസ്‌ലാമിൽ ഓരോരുത്തരുടെയും ബാധ്യതയാണ്. അതിനാൽ സ്വാഭാവികമായും അറിവ് ആർജിക്കാനുള്ള സ്വാതന്ത്ര്യവും അനുവദിക്കുന്നു. ആഭിചാരം, ക്ഷുദ്രവിദ്യ പോലുള്ള ഉപദ്രവകരമായ കാര്യങ്ങൾ പഠിക്കുന്നതിനു മാത്രമാണ് വിലക്കുള്ളത്.

ഭരണാധികാരികളെ തെരഞ്ഞെടുക്കാനും അവരുടെ നടപടികൾ നിരീക്ഷിക്കാനും അവരെ വിമർശിക്കാനും ദൈവികകൽപനകൾക്കും നിയമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ അവരെ പുറത്താക്കാനും പൗരന്മാർക്ക് അവകാശമുണ്ട്. ഇസ്‌ലാം വകവെച്ചുനൽകുന്ന രാഷ്ട്രീയ സ്വാതന്ത്ര്യമാണിത്. ഭരണാധികാരവും സർക്കാറുദ്യോഗങ്ങളും ഏതെങ്കിലും വിഭാഗത്തിന്റെ പ്രത്യേകാവകാശമല്ല. യോഗ്യതയുള്ളവർക്കെല്ലാം അവ രണ്ടിനും തുല്യാവകാശമുണ്ട്. നിർണായക വിഷയങ്ങളിൽ ഭരണാധികാരി കൂടിയാലോചന നടത്തുന്ന കൂടിയാലോചനാസമിതിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതും പൗരന്മാരാണ് (*അന്നിസാഅ്* 58).

അല്ലാഹുവിനോടും റസൂലിനോടും മുസ്‌ലിം സമുദായത്തോടും പൊതുജനങ്ങളോടുമുള്ള ഗുണകാംക്ഷയാണ് ദീൻ എന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്.

ഇസ്‌ലാമിന്റെ മുൻഗണനാക്രമത്തിൽ സ്വാതന്ത്ര്യത്തിന് സുപ്രധാന സ്ഥാനമുണ്ട്. സ്വാതന്ത്ര്യം ജീവിതത്തിനും അടിമത്തം മരണത്തിനും സമാനമാണെന്ന് 'ഒരുവൻ അബദ്ധത്തിൽ ഒരു വിശ്വാസിയെ വധിച്ചുപോയാൽ, അതിനു പ്രായശ്ചിത്തമായി വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുകയും....'(*അന്നിസാഅ്* 92) എന്ന സൂക്തം വിശദീകരിച്ച് ചില ഖുർആൻ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മറ്റു സമൂഹങ്ങളും മതങ്ങളും സ്വാതന്ത്ര്യത്തിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുപോലെ ഇസ്‌ലാമിലും സ്വാതന്ത്ര്യത്തിന് ചില നിയന്ത്രണങ്ങളും പരിധികളുമുണ്ടെന്നു മാത്രം. സംസ്കാരത്തിലും നാഗരികതയിലും പരിതഃസ്ഥിതിയിലുമുള്ള വ്യത്യാസമനുസരിച്ച് വിവിധ സമൂഹങ്ങളുടെ സ്വാതന്ത്ര്യത്തെ കുറിച്ച വീക്ഷണത്തിലും വ്യത്യാസമുണ്ട്. പാശ്ചാത്യ സമൂഹവും പൗരസ്ത്യ സമൂഹവും തമ്മിലുള്ള ഘടനാ വ്യത്യാസവും ഈ വീക്ഷണ വ്യത്യാസത്തിനു കാരണമാണ്. കുടുംബം, ഗോത്രം, വംശം, മതം, രാഷ്ട്രം, സമുദായം തുടങ്ങിയവയോടുള്ള പ്രതിബദ്ധതയിൽ കേന്ദ്രീകരിച്ചിരിക്കുന്ന പൗരസ്ത്യസമൂഹത്തിലെ വ്യക്തിയുടെ ഇടപാടുകൾക്ക് വിവിധ മുഖങ്ങളുണ്ട്. സാമൂഹികതക്കാണ് പൗരസ്ത്യ സമൂഹങ്ങളിൽ ഊന്നൽ. എന്നാൽ പാശ്ചാത്യ സമൂഹത്തിൽ വ്യക്തിക്കാണ് പ്രാധാന്യം. സാമൂഹിക നിയന്ത്രണങ്ങളുടെ തടസ്സമില്ലാത്തതിനാൽ തനിക്ക് അനുയോജ്യമായി തോന്നുന്നതെന്തും ചെയ്യാനുള്ള അനുവാദം വ്യക്തിക്ക് അവിടെ ലഭിക്കുന്നു.

വ്യക്തിക്കും സമൂഹത്തിനും ഹാനികരമാവരുത് എന്ന ഉപാധിയോടെയാണ് ഇസ്‌ലാം ചിന്താസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും അനുവദിക്കുന്നത്. തിന്നാനും കുടിക്കാനുമുള്ള സ്വാതന്ത്ര്യത്തോടൊപ്പം വ്യക്തിക്കും സമൂഹത്തിനും ഹാനികരമായ ചില ഭക്ഷണപാനീയങ്ങൾ വിലക്കിയത് ഇതിനുദാഹരണമാണ്. ഇസ്‌ലാമിൽ സ്ത്രീക്കും പുരുഷന്നും ഇരുവരുടെയും പ്രകൃതത്തിനും ചുമതലകൾക്കും അനുസൃതമായ സ്വാതന്ത്ര്യമാണുള്ളത്.

ദൈവമല്ലാത്തവർക്കുള്ള അടിമത്തത്തിൽനിന്നും ദേഹേഛയുടെ അടിമത്തത്തിൽനിന്നുമുള്ള മോചനമാണ് ഇസ്‌ലാം നൽകുന്ന ഏറ്റവും മഹത്തായ സ്വാതന്ത്ര്യം.

(സിറിയൻ എഴുത്തുകാരനാണ് ലേഖകൻ)